**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗാർഹിക, വ്യവസായങ്ങൾക്കുൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ, ഗാർഹിക, വ്യവസായ ഉപഭോക്താക്കളുടെ വൈദ്യുതി താരിഫ് അവസാനമായി വർദ്ധിപ്പിച്ചത് 08.07.2019 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവു പ്രകാരമാണ്. ഇതിന് 08.07.2019 മുതൽ പ്രാബല്യമുണ്ടായിരുന്നു. |
| (ബി) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധന വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡ്, 10.02.2022 ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ, താരിഫ് പരിഷ്കരണത്തിനുള്ള ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. നിരക്ക് വർദ്ധനവിന്റെ കാര്യത്തിൽ ഉപഭോക്താക്കളുടെയും, പൊതുജനങ്ങളുടെയും, അഭ്യുദയകാംക്ഷികളുടെയും അഭിപ്രായം തേടിയതിനു ശേഷം മാത്രമേ (സംസ്ഥാനത്തിന്റെ 4 കേന്ദ്രങ്ങളിൽ വച്ച് പൊതു തെളിവെടുപ്പ് ഉൾപ്പെടെ) വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. |
| (സി) | എങ്കിൽ യൂണിറ്റിന് എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 പ്രകാരം 2022-23 മുതൽ 2026-27 വരെയുള്ള (5 വർഷത്തേയ്ക്ക്) താരിഫ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അതിൻ പ്രകാരം, 2022-23 ൽ യൂണിറ്റൊന്നിന് ശരാശരി 90 പൈസ വർദ്ധനവ് വരുത്തുന്നതിനും 2023-24 ൽ 30 പൈസയും, 2024-25 ൽ 14 പൈസയും 2025-26 ൽ 17 പൈസയും, 2026-27 ൽ 8 പൈസയും വർദ്ധനവ് വരുത്തുന്നതിനുമുള്ള ശിപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ